**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന് അനുമതി - ഭേദഗതി ഉത്തരവ് - പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(പി)നം. 44/2017/ധന. തീയതി, തിരുവനന്തപുരം, 08.05.2017**

---

**സൂചന : സ.ഉ. (പി) നം. 178/2016/ധന. തീയതി 09.12.2016**

**ഉത്തരവ്**

ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന് സൂചന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ബന്ധപ്പെട്ട് ജില്ലാ പൊതു വിദ്യാഭ്യാസ ഉപ ഡയറക്ടർ നൽകുന്ന ആവശ്യകതാ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും ഈ ആനുകൂല്യത്തിന് അർഹരാണെങ്കിലും ഈ വിഭാഗത്തിൽപ്പെട്ട സ്കൂളുകൾ ജില്ലാ പൊതു വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പരിധിയിൽ വരുന്നവയല്ല. ആയതിനാൽ പരാമർശ ഉത്തരവിലെ 'ബന്ധപ്പെട്ട ജില്ലാ പൊതു വിദ്യാഭ്യാസ ഉപ ഡയറക്ടർ നൽകുന്ന ആവശ്യകതാ സർട്ടിഫിക്കറ്റ്' എന്നതിനു പകരം 'ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ നൽകുന്ന ആവശ്യകതാ സർട്ടിഫിക്കറ്റ്' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**കെ.എസ്. ഉഷ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം,
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
6. എല്ലാ വകുപ്പ് തലവൻമാർക്കും.
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ട്രഷറി ഡയറക്ടർ
9. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
10. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
11. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
12. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
13. വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
14. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

Shalhal

**സെക്ഷൻ ഓഫീസർ**